SJD/4994/2022-SC3

I/71302/2022

**വിവരാവകാശം/മറുപടി**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :13-12-2022
Email - swdkerala@gmail.com
Phone - 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീ.ജോയി ജേക്കബ്,
ഷൈസ് വില്ല,
ഹൗസ് നമ്പർ 401 (11/1326),
തൃപ്പൂണിത്തുറ, എറണാകുളം - 682301,
മൊബൈൽ നം. 9645857125.

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് – വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 03.11.2022 തീയതിയിലെ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആയതിന്റെ മറുപടി ചുവടെ ചേർക്കുന്നു.

**ചോദ്യം - 1**

നാഷണൽ ട്രസ്റ്റ് ആക്ടിൽ പരാമർശിക്കുന്ന വ്യക്തികളുടെ പേരിലുള്ള ഭൂമി അവരുടെ സമ്മതമില്ലാതെ (മൾട്ടിപ്പിൾ ഡിസേബിൾഡ് വ്യക്തി - ഓർമ്മക്കുറവും കയ്യും കാലും തളർന്ന് കിടക്കുന്ന ആളുമാണ്) ഈ നിയമത്തിൽ പറയുന്ന നടപടിക്രമങ്ങൾ ഒന്നും പാലിക്കാതെ നിയമവിരുദ്ധമായി ആധാരം രജിസ്റ്റർ ചെയ്താൽ ഉള്ള ശിക്ഷ എന്താണ്?

**ഉത്തരം**

നാഷണൽ ട്രസ്റ്റ് നിയമ പ്രകാരം ശിക്ഷ വിധിക്കാൻ വകുപ്പുകൾ ഒന്നും ചേർത്തിട്ടില്ല.

**ചോദ്യം - 2**

ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ, രജിസ്റ്റർ ചെയ്യപ്പെടുന്ന ഭൂമി നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ പെടുന്ന വ്യക്തിക്ക് അവകാശപ്പെട്ടതല്ലയെന്ന് എഴുതുന്ന സത്യപ്രസ്താവന മനപൂർവ്വം ഒഴിവാക്കി ആധാരം ചെയ്താലുള്ള ശിക്ഷ എന്താണ്? മനപൂർവ്വം ഈ വാചകം ഒഴിവാക്കിയിട്ടുള്ളതാണ്. (ഈ വാചകം - ആധാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ഭൂമി നാഷണൽ ട്രസ്റ്റ് ആക്ടിൽ പരാമർശിക്കുന്ന വൈകല്യമുള്ള വ്യക്തിക്ക് അവകാശപ്പെടുന്ന ഭൂമി ഉൾപ്പെടുന്നില്ലെന്നും ഈ ആധാരം മൂലം വൈകല്യമുള്ളവരുടെ താൽപര്യങ്ങൾ ലംഘിക്കപ്പെടുകയോ ഹനിക്കപ്പെടുകയോ ചെയ്യുന്നില്ലായെന്നും ഞാൻ ഇതിനാൽ ബോധ്യപ്പെടുത്തുന്നു.) ഈ സത്യപ്രസ്താവന മനപൂർവ്വം ഒഴിവാക്കിയാലുള്ള ശിക്ഷ എന്താണ്?

**ഉത്തരം**

നാഷണൽ ട്രസ്റ്റ് നിയമ പ്രകാരം ശിക്ഷ വിധിക്കാൻ വകുപ്പുകൾ ഒന്നും ചേർത്തിട്ടില്ല.

ചോദ്യം - 3

ഭൂമിയുടെ ഉടമസ്ഥൻ നാഷണൽ ട്രസ്റ്റിന്റെ പരിധിയിൽ വരുന്ന വ്യക്തിയാണെങ്കിൽ (വസ്തു നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന വ്യക്തിയുടെ വസ്തുവാണ് - ഇയാൾ ഓർമ്മയില്ലാതെ കയ്യും കാലും തളർന്ന് കിടക്കുന്ന ആളാണ്) ഈ അവസരത്തിൽ ആരാണ് ഈ സത്യ പ്രസ്താവന നടത്തേണ്ടത്?

ഉത്തരം

നാഷണൽ ട്രസ്റ്റ് നിയമപ്രകാരം നിയമിച്ചിട്ടുള്ള ലീഗൽ ഗാർഡിയൻ.

ചോദ്യം - 4

മുകളിൽ പറഞ്ഞ നാഷണൽ ട്രസ്റ്റിന്റെ ഈ സത്യപ്രസ്താവന ആധാരത്തിൽ നടത്തിയിട്ടുണ്ടോയെന്ന് ഉറപ്പ വരുത്തേണ്ടത് ആരുടെ ജോലിയാണ് - ആധാരം എഴുത്തുകാരന്റെയോ, സബ് രജിസ്ട്രാറുടേയോ?

ഉത്തരം

സബ് രജിസ്ട്രാറുടെ ഉത്തരവാദിത്വമാണ്.

ചോദ്യം - 5

നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന വ്യക്തിയുടെ വസ്തുവാണോ ആധാരം ചെയ്യുന്ന വസ്തു എന്ന് പരിശോധിക്കേണ്ടത് ആരുടെ ജോലിയാണ്? ആധാരം എഴുത്തുകാരന്റെയോ, സബ് രജിസ്ട്രാറുടേയോ?

ഉത്തരം

സബ് രജിസ്ട്രാറുടെ ഉത്തരവാദിത്വമാണ്.

ചോദ്യം - 6

നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന വ്യക്തിയുടെ വസ്തു ആധാരം ചെയ്യുമ്പോൾ നാഷണൽ ട്രസ്റ്റ് ആക്ടിൽ പറയുന്ന നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചാണോ വസ്തു ആധാരം ചെയ്യുന്നതെന്ന് പരിശോധിക്കേണ്ടത് ആരാണ്? (ഈ നിയമത്തിൽ പറയുന്ന നടപടിക്രമങ്ങൾ ഒന്നും പാലിക്കാതെ വസ്തു ആധാരം ചെയ്താൽ ആരാണ് കുറ്റവാളി ?)

ഉത്തരം

പരിശോധിക്കേണ്ടത് സബ് രജിസ്ട്രാറാണ്. ലോക്കൽ ലെവൽ കമ്മറ്റിക്ക് റിവിഷൻ പെറ്റിഷൻ നൽകി കുറ്റം ചെയ്തിട്ടുണ്ടോ എന്നത് പരിശോധിച്ച് പരിഹാരം കണ്ടെത്താവുന്നതാണ്.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ് അപ്പീൽ അധികാരിയ്ക്ക് 30 ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്

**ജോയിന്റ് ഡയറക്ടർ & അപ്പീൽ അധികാരി,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
വികാസ് ഭവൻ 5th Floor,
**തിരുവനന്തപുരം.**

വിശ്വസ്തതയോടെ,

**സ്റ്റേറ്റ് പബ്ലികഇൻഫർമേഷൻ ഓഫീസർ,**